# കൂത്തുപറമ്പ്

# ഹയർസെക്കണ്ടറി സ്കൂൾ

1946 ൽ ഏകദേശം എഴുപത്തഞ്ച് വർഷം മുമ്പ് ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനമാണ് കൂത്തുപറമ്പ് ഹൈസ്കൂൾ.വടക്കൻ വയനാട്ടുൾപ്പെടെ കിഴക്കൻ മലയോര മേഖലകളിലെ കുട്ടികൾസെക്കണ്ടറി വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത് ഈ വിദ്യാലയത്തെ ആയിരുന്നു. കേരള സംസ്ഥാനരൂപീകരണത്തിനും സ്വാതന്ത്ര്യത്തിനും മുമ്പ് മലബാർപ്രദേശം മദ്രാസ് സർക്കാരിന്റെ ഭരണത്തിലായിരുന്ന കാലത്ത് അവരുടെ അംഗീകാരത്തോടെ ഇന്നത്തെ കൂത്തുപറമ്പ് യു പി സ്കൂൾ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ ആരംഭിച്ച ഹൈസ്കൂൾ പിന്നീട് തൊക്കിലങ്ങാടിയിൽ ഇന്നു കാണുന്ന സ്ഥലത്തേക്ക് മാറ്റി. മുപ്പതേക്കറോളം വിസ്തൃതമായ സ്ഥലം നിങ്കിലേരി തറവാട്ടുകാർ സൗജന്യമായി നൽകി.സ്കൂൾ കമറ്റിയുടെ പ്രഥമ പ്രസിഡണ്ട് എ കെ കുഞ്ഞിമായൻ ഹാജിയും സെക്രട്ടറി പി സി രാഘവൻ നമ്പ്യാരുമായിരുന്നു.അഡ്വക്കറ്റുമാരായ എം അനന്തൻ, ശ്രീനിവാസഅയ്യർ,എൻ.ടി.കേളപ്പൻനമ്പ്യാർ,എൻ.കു ഞ്ഞപ്പനമ്പ്യാർ തുടങ്ങിയ പ്രഗത്ഭരുടെ നേതൃത്വത്തിൽ ജനകീയകൂട്ടായ്മയോടെ ഉദാരമതികളുടെ സമർപ്പണത്തിലൂടെ പണിഉയർത്തിയ സരസ്വതി ക്ഷേത്രമാണ് കൂത്തുപറമ്പ് ഹയർസെക്കണ്ടറി സ്കൂൾ.

മദിരാശി ഗവൺമെന്റിന്റെ അനുമതിയോടെ കാർഷിക-അദ്ധ്യാപക പരിശീലനത്തിനായി രണ്ട് തൊഴിലധിഷ്ഠിത കോഴ്സുകളും ഹൈസ്കൂളിനോടനുബന്ധിച്ച് കുറേക്കാലം പ്രവർത്തിച്ചിരുന്നു.തുടക്കം മുതൽ 1969 വരെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ.കെ കെ അപ്പുക്കുട്ടിഅടിയോടി സ്തുത്യർഹമായ സേവനത്തിലൂടെ ഏവരുടെയും ആദരവുനേടുകയും വിദ്യാലയത്തിന്റെ യശസ്സുയർത്തുകയും ചെയ്തിട്ടുണ്ട്.മാതൃകാ അദ്ധ്യാപകനെന്ന നിലയിൽ വിശിഷ്ടസേവനത്തിന് സംസ്ഥാന-ദേശീയതലത്തിൽ അദ്ദേഹത്തിന് അവാർഡുകൾ ലഭിച്ചിരുന്നു.

പഠന നിലവാരത്തിലും കലാ കായിക രംഗത്തും സംസ്ഥാനതലത്തിൽ ഉന്നതസ്ഥാനങ്ങൾ നേടിയെടുത്തതും,കൂത്തുപറമ്പിലെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലയിലെ പ്രശോഭിതവുമായ ഗതകാല സ്മരണകളും ഈ മഹത്തായ സ്ഥാപനത്തിന് അയവിറക്കാനുണ്ട്.

# മാസിക

# KUTHUPARAMBA HSS



SSLC പരീക്ഷ2018

എഴുതിയവർ603

# FULL A+ 60

# 9A+ 30

# 100% വിജയം

**അനുമോദനയോഗം**


KUNHAPPA NAMBIAR
WING



# കൃഷിപാഠം

# പരിസ്ഥിതി പാഠം









കൂത്തുപറമ്പ് ഹയർ സെക്കൻഡറി സ്കൂൾ പരിസ്ഥിതി ക്ലബ് കൺവീനർ കുന്നുമ്പ്രോൻ രാജനും സഹപ്രവർത്തകൻ സഹദേവനും സ്കൂൾ വളപ്പിൽ നട്ടുവളർത്തിയ തേക്കിൻ തോട്ടത്തിൽ.

# നട്ടും നനച്ചും നേട്ടം കൊയ്ത് രാജൻമാഷും കുട്ടികളും

കൂത്തുപറമ്പ് ● രണ്ടു വർഷം കൊണ്ടു രാജൻ മാഷ് സ്കൂളിന്റെ പടിയിറങ്ങും. വർഷങ്ങൾ പിന്നിടുമ്പോൾ ലക്ഷങ്ങൾ വിലയുള്ള 165 തേക്ക് മരങ്ങൾ സ്കൂളിന്റെ പടിക്കെട്ടിനകത്തു നിന്നു മാഷിന്റെ സേവനകാലം ഓർമപ്പെടുത്തും. കെ.സുധാകരൻ വനംമന്ത്രിയായിരുന്ന 2004ലാണ് കൂത്തുപറമ്പ് ഹയർസെക്കൻഡറി സ്കൂൾ വളപ്പിൽ 165 തേക്കിൻ തൈകൾ നട്ടത്. അന്നു പരിസ്ഥിതി ക്ലബ് കൺവീനറായിരുന്നു കുന്നുമ്പ്രോൻ രാജൻ. രണ്ടോ മൂന്നോ ഒഴികെ എല്ലാം 14വർഷം കൊണ്ടു മാനംമുട്ടെ വളർന്നു.

ചാക്കുകണക്കിനു പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് വലിയവെളിച്ചത്തെ റീസൈക്ലിങ് പ്ലാന്റിൽ എത്തിച്ചു നൽകിയിട്ടുണ്ട് ഇവർ.

തേക്കിൻ തോട്ടം മാത്രമല്ല സ്കൂൾ വളപ്പിൽ സംരക്ഷിത വനവും രണ്ട് ഔഷധസസ്യ തോട്ടവും ഇവർ പരിപാലിക്കുന്നുണ്ട്. പ്ലാവും മാവും തെങ്ങും ഉൾപ്പെടെ ആയിരത്തോളം വൃക്ഷങ്ങൾ സ്കൂൾവളപ്പിൽ കായ്ച്ചും പൂവിട്ടും നിൽക്കുന്നു.


ശീതകാല പച്ചക്കറി കൃഷി
വിത്ത് നടീൽ

# വിവിധ മേഖലകളിൽ

## വിജയികളായവർക്കുള്ള

## അനുമോദനം























Nishar MISAM


Nishar MISAM


Sasthrolsavam


Sasthrolsavam

# ക്ലബ്ബ് പ്രവർത്തനങ്ങൾ



# കുഞ്ഞേ നിനക്കായി


ജനമൈത്രി പോലീസ് കൂത്തുപറമ്പ് &
കൂത്തുപറമ്പ് ഹയർസെക്കന്ററി സ്കൂൾ
സംയുക്താഭിമുഖ്യത്തിൽ
ബോധവത്ക്കരണ പരിപാടി
കുട്ടികൾക്ക് നേരെയുള്ള
അതിക്രമങ്ങൾക്കെതിരെ
കുഞ്ഞേ നിനക്കായ്

# നൈതികം ഭരണഘടന



# ഓണാഘോഷം



# നാടൻപൂക്കളുടെ പ്രദർശനം





മലയാള മനോരമ www.manoramaonline.com/local

## കാർബൺ കുറച്ച് പ്രകൃതി കാക്കാൻ കുഞ്ഞു കൈകളുടെ കൂട്ടായ്മ

കൂത്തുപറമ്പ് ● ആഹാരം മുതൽ ഔഷധം വരെ സകലതിനും ആശ്രയിക്കാവുന്ന മുള മനുഷ്യരാശിയുടെ നാളത്തെ ഊന്നുവടിയാണ്. മുളങ്കാടുകൾ ജീവന്റെ തുടർച്ചയ്ക്കും പ്രകൃതിയുടെ നൈസർഗിക ആവാസവ്യവസ്ഥ കൂടിയേതീരൂ.

പ്രകൃതിയുടെ വന പുനഃസ്ഥാപനത്തിന് മുളങ്കാടുകൾ ഏറെ പങ്കുവഹിക്കാനുണ്ട്. സസ്യഭുക്കുകളായ ജീവികളുടെ നിലനിൽപ്പിന്റെ ആധാരവും മുള ഉൾപ്പെട്ട പുൽമേടുകളാണ്.

മനുഷ്യൻ പരിസ്ഥിതിക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങൾ പരിഹരിക്കാൻ മുളകൾക്കാവും എന്ന തിരിച്ചറിവിൽ നിന്ന്, മുളകളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പുതുതലമുറയെ ഓർമിപ്പിക്കാൻ സ്കൂൾ വളപ്പിൽ മുളങ്കാടൊരുക്കി കൂത്തുപറമ്പ് ഹയർ സെക്കൻഡറി സ്കൂളിലെ നല്ല പാഠം കൂട്ടുകാർ.

പ്രകൃതിയിൽ കർബൺ അളവ് കുറയ്ക്കാൻ ഹരിത ഗൃഹ വാതകങ്ങൾ വലിച്ചെടുത്ത് മണ്ണിൽ കാർബൺ ആഗിരണ ശേഷി വർധിപ്പിക്കാൻ ഇടതൂർന്ന് വളരുന്ന മുളങ്കാടുകൾക്ക് കഴിയുന്നു. മറ്റു മരങ്ങളേക്കാൾ 35 ശതമാനത്തിലധികം ഓക്സിജൻ പുറത്തുവിടുന്നവയാണു മുളങ്കാടുകൾ. 50 വ്യത്യസ്തയിനം മുളകളാണു സ്കൂൾ വളപ്പിൽ നട്ടത്. വേങ്ങാട് വിഷൻ ഗ്രീൻഎർത്ത് മൂവ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെയാണ് മുളത്തൈകൾ എത്തിച്ചത്.

പരിപാടി തലശേരി വിദ്യാഭ്യാസ ഓഫിസർ ശശീന്ദ്ര വ്യാസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ എം.സി.പ്രസന്നകുമാരി അധ്യക്ഷത വഹിച്ചു.

പിടിഎ പ്രസിഡന്റ് പറമ്പൻ പ്രകാശൻ, എൻ.ഹരീന്ദ്രൻ, സ്റ്റാഫ് സെക്രട്ടറി സി.കെ.മുഹമ്മദ് നൗഫൽ, രാജൻ കുന്നുംബ്രോൺ, പി.എം.ദിനേശൻ, നല്ലപാഠം കോർഡിനേറ്റർ രാഗേഷ് തില്ലങ്കേരി എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികളായ സാൻരാഗ്, ദർശന, ആവണി, സിൻഷ, കീർത്തന, കാർത്തിക, അവന്തിക, വിനുശ്രീ തുടങ്ങിയവർ നേതൃത്വം നൽകി.

കൂത്തുപറമ്പ് ഹയർ സെക്കൻഡറി സ്കൂളിൽ മലയാള മനോരമ നല്ല പാഠം പദ്ധതിയുടെ ഭാഗമായി മുളത്തൈകൾ നട്ട് മുളങ്കാട് നിർമാണം തലശേരി വിദ്യാഭ്യാസ ഓഫിസർ ശശീന്ദ്ര വ്യാസ് ഉദ്ഘാടനം ചെയ്യുന്നു.